# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 108 26.02.2018 ൽ മറുപടിക്ക്

## കാണാതാകുന്ന കുട്ടികളെ കണ്ടെത്താൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.സി.മമ്മൂട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പ്രകാരം കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നതിന് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2015 | 2016 | 2017 | 2018 (upto 20.02.2018) |
|---|---|---|---|---|
| കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 145 | 126 | 164 | 23 |

(ബി) കാണാതാകുന്ന കുട്ടികളെ കണ്ടെത്താൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ബി) സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി കേസുകൾ എടുത്ത് ഊർജിത അന്വേഷണം നടത്തിയും, കൂടുതൽ അന്വേഷണത്തിനായി ജില്ലകളിൽ DMPTU (District Missing Persons Tracing Unit) കൾ പ്രവർത്തിച്ചു വരുന്നതും 'Track the Missing Child' എന്ന വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചും മറ്റും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് പോലീസിന്റെ സഹായത്തോടെ 'ഓപ്പറേഷൻ മുസ്കാൻ', 'ഓപ്പറേഷൻ വാത്സല്യ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിലെ Talash Wing ഉം ഇക്കാര്യത്തിൽ സഹായകമായി പ്രവർത്തിച്ചു വരുന്നു.

Deepak

സെക്ഷൻ ഓഫീസർ.